# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 585** **02-12-2014 ലെ മറുപടിയ്ക്ക്**

**ലോട്ടറി രംഗത്തെ നൂതന കർമ്മപദ്ധതികൾ**

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. സണ്ണി ജോസഫ്**<br>**ശ്രീ. അൻവർ സാദത്ത്**<br>**ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ**<br>**ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി** : | | **ശ്രീ. കെ.എം. മാണി**<br>**(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)** |
| എ) ലോട്ടറി രംഗം കാര്യക്ഷമമാക്കുന്നതിനും വിപുലീകരിക്കുന്നതിനും എന്തെല്ലാം കർമ്മപദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ; | എ) | സംസ്ഥാന ഭാഗ്യക്കുറി വകുപ്പ് നടത്തി വരുന്ന പ്രതിവാര ലോട്ടറികളുടെ വില 20 രൂപയിൽനിന്നും 30 രൂപയായി വർദ്ധിപ്പിക്കുകയും സമ്മാനത്തുക വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിപണിയിലെ ആവശ്യത്തിനനുസരിച്ച് ടിക്കറ്റ് ലഭ്യമാക്കുന്നതിന് പ്രതിവാര ലോട്ടറികളുടെ പ്രിന്റിംഗ് നിരക്ക് വർദ്ധിപ്പിച്ച് 7 പരമ്പരകളിലായി 56 ലക്ഷം ടിക്കറ്റുകൾ വീതം അച്ചടിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ചെറുകിട ഏജന്റുമാർക്കുകൂടി ടിക്കറ്റ് ലഭ്യമാകുന്ന തരത്തിൽ ടിക്കറ്റ് വിതരണത്തിൽ മാറ്റം വരുത്തിയിട്ടുണ്ട്. ലോട്ടറി വകുപ്പ് നടത്തിവരുന്ന കാരുണ്യ ബെനവലന്റ് ഫണ്ട് സ്കീമിന് ധനസമാഹരണം നടത്തുന്നതിനായി വ്യാഴാഴ്ച തോറും നറുക്കെടുത്തിരുന്ന പ്രതീക്ഷാ ഭാഗ്യക്കുറിയുടെ പേര് കാരുണ്യ പ്ലസ് എന്നാക്കി മാറ്റി അതിൽനിന്നുള്ള അറ്റാദായം കൂടി പദ്ധതിയിലേയ്ക്ക് കൈമാറി വരുന്നുണ്ട്. അനധികൃത ലോട്ടറി വ്യാപനം തടയുന്നതിനായി ക്രൈം ബ്രാഞ്ച് എ.ഡി.ജി.പി യുടെ നേതൃത്വത്തിൽ സംസ്ഥാന ലോട്ടറി മോണിറ്ററിംഗ് സെല്ലും അതാത് ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ ജില്ലാ മോണിറ്ററിംഗ് സെല്ലുകളും പ്രവർത്തിച്ചുവരുന്നുണ്ട്. സംസ്ഥാന ലോട്ടറി വില്പനക്കാരുടെയും ഏജന്റുമാരുടെയും ക്ഷേമ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ലോട്ടറി ക്ഷേമനിധി ബോർഡും പ്രവർത്തിച്ചു വരുന്നുണ്ട്. |

| | | | |
|---|---|---|---|
| ബി) | പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട വിഷയത്തെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് ചെയ്യുന്നതിന് കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | ബി) | ഭാഗ്യക്കുറി വകുപ്പിന്റെ വിവിധ പ്രവർത്തനങ്ങളെക്കുറിച്ച് പഠിക്കുന്നതിന് 13-12-2013 സർക്കാർ ഉത്തരവ് (സാധ.) നം. 973/2013/നി.വ. പ്രകാരം ശ്രീ. ഡി. പ്രേമചന്ദ്രനെ (റിട്ട. ജില്ലാ ജഡ്ജി) ഏകാംഗ കമ്മീഷനായി നിയമിച്ചിരുന്നു. കമ്മീഷൻ റിപ്പോർട്ട് സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. ആയത്, വാണിജ്യ നികുതി വകുപ്പിൽനിന്നും ഭാഗ്യക്കുറി വകുപ്പിൽനിന്നും റിപ്പോർട്ട് വാങ്ങി പരിശോധിച്ചുവരുന്നു. |
| സി) | പ്രസ്തുത കമ്മീഷന്റെ അന്വേഷണ പരിധിയിൽ എന്തെല്ലാം വിഷയങ്ങളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ; | സി) | 1) ടിക്കറ്റ് വിതരണത്തിലെ വിവേചനം, ചെറുകിട ഏജന്റുമാർക്ക് ടിക്കറ്റ് ലഭിക്കുന്നില്ല എന്ന ആക്ഷേപം.<br>2) ഏജന്റുമാർ തമ്മിൽ ടിക്കറ്റ് പരസ്പരം കൈമാറി ഏജന്റ് കമ്മീഷൻ തിരിമറി നടത്തുന്ന പ്രവണത.<br>3) ഒരേ നമ്പരിലുള്ള രണ്ടു ടിക്കറ്റുകൾ വിതരണം ചെയ്ത സംഭവം. ടിക്കറ്റ് പ്രിന്റിംഗിലേയും വിതരണത്തിലേയും നിലവിലുള്ള അപാകതകൾ.<br>4) ടിക്കറ്റ് വില്പന മൂലം ലഭിക്കുന്ന തുക യഥാസമയം ട്രഷറിയിൽ അടയ്ക്കാതിരിക്കുന്ന വീഴ്ച.<br>5) അന്യ സംസ്ഥാന ലോട്ടറിയുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിൽ വേണ്ടത്ര ശുഷ്കാന്തിയില്ലായ്മ. |
| ഡി) | സർക്കാരിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാമൂഹ്യ കാരുണ്യ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്തുന്നതിനും കൂടുതൽ ലോട്ടറികൾ ആരംഭിക്കുന്നതിനുമുള്ള നടപടി കമ്മീഷന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെടുത്തുമോ ; | ഡി) | കൂടുതൽ ലോട്ടറി ആരംഭിക്കുന്ന വിഷയം കമ്മീഷന്റെ അന്വേഷണ പരിധിയിൽ ഉൾപ്പെട്ടിട്ടില്ല. |
| ഇ) | പ്രസ്തുത കമ്മീഷന്റെ റിപ്പോർട്ട് എന്ന് ലഭ്യമാകും; വിശദാംശങ്ങൾ ലഭ്യമാക്കുമോ ? | ഇ) | കമ്മീഷൻ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ട്. ആയത് സർക്കാർ പരിശോധിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ.